കേരള പോലീസ്
KERALA POLICE

## മുക്കുപണ്ടം പണയംവെച്ച് പണം തട്ടുന്ന സംഘം പിടിയിൽ








കിടങ്ങൂർ: ചീപ്പുങ്കൽ ഭാഗത്തുള്ള കിടങ്ങൂർ ബാങ്കേഴ്സ് എന്ന സ്ഥാപനത്തിൽ മുക്കുപണ്ടം പണയംവെച്ച് 40,000 രൂപ വാങ്ങിയ ശേഷം കാറിൽ കടന്നുകളഞ്ഞ പാലാ ഇടപ്പാടി സ്വദേശി ബിജു (40) മൂലമറ്റം സ്വദേശി ജോമോൻ (40) കോതമംഗലം സ്വദേശി സുനീഷ് (30) എന്നിവരെ അയർക്കുന്നം പൊലീസ് സമയോചിതമായ ഇടപെടൽമൂലം പിടികൂടി.

ഇന്നലെ ഉച്ചയോടെ കിടങ്ങൂർ ബാങ്കേഴ്സ് എന്ന സ്ഥാപനത്തിൽ എത്തിയ കുറ്റവാളികൾ ആഭരണങ്ങൾ പണയംവെച്ച് പണം വാങ്ങി കാറിൽ കടന്നുകളയുകയായിരുന്നു. സ്ഥാപനത്തിലെ ഒരു ജീവനക്കാരനു ആഭരങ്ങൾ മുക്കുപണ്ടമാണ് എന്ന സംശയം തോന്നിയതിനാൽ നടത്തിയ പരിശോധനയിൽ ആഭരണം മുക്കുപണ്ടം ആണെന്ന് തെളിയുകയും തുടർന്ന് കുറ്റവാളികൾ എത്തിയ വാഹനനമ്പർ സഹിതം കിടങ്ങൂർ പോലീസ് സ്റ്റേഷനിൽ വിവരമറിയിക്കുകയായിരുന്നു.

കിടങ്ങൂർ പോലീസ് സ്റ്റേഷനിൽ നിന്നും ഈ വിവരം അടുത്തുള്ള പോലീസ് സ്റ്റേഷനുകളിലേക്കും വയർലെസ് മുഖാന്തിരവും അല്ലാതെയും അറിയിക്കുകയും ചെയ്തു. ഈ വിവരം ലഭിച്ച അയർക്കുന്നം പോലീസ് സ്റ്റേഷനിലെ എഎസ്ഐ നടരാജൻ, എസ് സിപിഒ അനിൽ തോമസ്, സി പി ഓ ഗ്രിഗോറിയസ് എന്നിവർ നടത്തിയ വാഹന പരിശോധനയിൽ കുറ്റവാളികളെ പിടികൂടുകയായിരുന്നു.

അയർക്കുന്നത്തെ ഒരു സ്വകാര്യ ബാങ്കിൽ ഇതേ കുറ്റകൃത്യം ചെയ്യുന്നതിനായി കരുതിയിരുന്ന മുക്കുപണ്ടം പിടിയിലായ കുറ്റവാളികളിൽ നിന്നും കണ്ടെത്തിയിട്ടുണ്ട്. ഇന്നലെ രാവിലെ ഇതേ പ്രതികൾ പാലാ കൊഴുവനാലിലെ കാരുണ്യ ഫൈനാൻസ് നിന്നും മുക്കുപണ്ടം പണയംവെച്ച് പണം തട്ടിയതായി സമ്മതിച്ചിട്ടുണ്ട്.

പിടിയിലായവർക്കെതിരെ പലയിടങ്ങളിലായി മുക്കുപണ്ടം പണയംവെച്ച് പണം തട്ടിയത് ഉൾപ്പെടെ പലതരത്തിലുള്ള കേസുകൾ നിലവിലുണ്ട് , പിടിയിലായ ബിജു കുപ്രസിദ്ധ കുറ്റവാളി ആയി സജിയുടെ കൂട്ടാളിയും കാപ്പാ ആക്ട് പ്രകാരം കരുതൽതടങ്കലിൽ ജയിൽ ശിക്ഷ അനുഭവിച്ചിട്ടുള്ള ആളുമാണ്.

*ജില്ലാ പോലീസ്, കോട്ടയം*